<u>നവകേരളീയം കുടിശ്ശിക നിവാരണം- **2020**</u>

**Email :** keralarcs.coop@kerala.gov.in
**Website : www.cooperation.kerala.gov.in**

എ.ഇ.എൽ.12273/19

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 22-05-2020.

**സർക്കുലർ നമ്പർ: 44/2020**

വിഷയം:- സഹകരണ വകുപ്പ്- പ്രാഥമിക സഹകരണ സംഘം/ബാങ്കുകളിൽ കുടിശ്ശിക നിർമ്മാർജ്ജന പദ്ധതി-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2020 - കാലാവധി ദീർഘിപ്പിക്കുന്നത്-സംബന്ധിച്ച്.

സൂചന:- സഹകരണ സംഘം രജിസ്ട്രാറുടെ 16.12.2019 തീയതിയിലെ 54/19, 13/20 നമ്പർ സർക്കുലറുകൾ.

2020 ജനുവരി 1 മുതൽ 2020 മാർച്ച് 31 വരെ നവകേരളീയം കുടിശ്ശിക നിവാരണം 2020 ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടത്തുന്നത് സംബന്ധിച്ച് സൂചന പ്രകാരം സർക്കുലർ നിർദ്ദേശം നൽകിയിരുന്നു. ടി പദ്ധതിയുടെ കാലാവധി 30-06-2020 വരെ ദീർഘിപ്പിക്കുന്നു. ഇക്കാര്യത്തിൽ സൂചന സർക്കുലറിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി തുടരേണ്ടതും, ക്യാമ്പയിന്റെ പുരോഗതി റിപ്പോർട്ട് സംഘം തലത്തിൽ പ്രൊഫോർമ 4- ലും താലൂക്ക് തലത്തിൽ പ്രൊഫോർമ 5- ലും ജില്ലാ തലത്തിൽ പ്രൊഫോർമ 6 - ലും ആർബിട്രേഷൻ കേസുകളുടെ അവലോകനം പ്രൊഫോർമ 7- ലും എക്സിക്യൂഷൻ കേസുകളുടെ അവലോകനം പ്രൊഫോർമ 8- ലും 30-06-2020 ലെ കണക്ക് പ്രകാരം തയ്യാറാക്കി അതാത് തലത്തിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ 10.07.2020 നകം സഹകരണ സംഘം രജിസ്ട്രാർക്ക് തപാലിലും aelrcs2018@gmail.com. എന്ന ഇ-മെയിലിലും സമർപ്പിക്കേണ്ടതാണ്.

സംസ്ഥാനതല സ്റ്റിയറിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ട അപേക്ഷകൾ പ്രൊഫോർമ 9-ൽ സർക്കുലർ മാനദണ്ഡങ്ങൾ പാലിച്ച് പരിശോധന നടത്തി കൃത്യമായ അനുബന്ധ രേഖകൾ സഹിതം അർഹരായവരുടെ പട്ടിക 20.07.2020 നകം സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. സംഘംതല കമ്മിറ്റി/

ജില്ലാതല കമ്മിറ്റി എന്നിവർ അനുവദിച്ചിട്ടുള്ള ഇളവുകൾ സംബന്ധിച്ചുള്ള വിവരം പ്രൊഫോർമ 10-ൽ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

ഒപ്പ്/-
എ.അലക്സാണ്ടർ ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-

1) സഹകരണ ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2) എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും എല്ലാ സഹകരണ സംഘം ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
3) പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
4) ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ
5) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, തിരുവനന്തപുരം.
6) ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, എറണാകുളം.
7) ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, ജില്ലാ സഹകരണ ബാങ്കുകൾ/കേരള സംസ്ഥാന സഹകരണ ബാങ്ക്/ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ.
8) ചെയർമാൻ, സർക്കിൾ സഹകരണ യൂണിയൻ.......................
9) പ്രസിഡന്റ്/സെക്രട്ടറി, അർബൻ ബാങ്ക് ഫെഡറേഷൻ, തിരുവനന്തപുരം
10) പ്രസിഡന്റ്/സെക്രട്ടറി, പി.എ.സി.എസ് അസോസിയേഷൻ, തിരുവനന്തപുരം.
11) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/വാല്യൂവേഷൻ ആഫീസർക്കും

12) എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും.

13) എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ)മുഖേന).

14) ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും/ സെക്ഷനുകൾക്കും.

15) രജിസ്ട്രാറുടെ മേശപ്പുറത്ത്.

16) എഡിറ്റർ, സഹകരണവീഥി, ജേർണൽ(പ്രസിദ്ധീകരണത്തിന്)

17) വെബ് സൈറ്റ്,

18) സ്റ്റോക്ക് ഫയൽ

19) സ്പെയർ

//നിർദേശാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.എൽ.റ്റി)